# ഇടശ്ശേരി – ഒരു ഏകാന്തപഥികൻ

## പിരപ്പൻകോട് മുരളി

കാവ്യരംഗത്ത് സ്വന്തം വഴി വെട്ടിത്തെളിച്ച് ആ വഴിയിലൂടെ ഇടറാതെ പതറാതെ മുന്നോട്ടുപോയ ഏകാന്തപഥികനായിരുന്നു ഇടശ്ശേരി. തന്റെ മുന്നിൽ ഇതുവഴി ആരെങ്കിലും നടന്നിട്ടുണ്ടോ തന്നെ പിന്തുടരാനാരെങ്കിലും വരുന്നുണ്ടോ എന്നു നോക്കാതെ നാലരപ്പതിറ്റാണ്ട് സ്വന്തം വഴിയിലൂടെ അദ്ദേഹം ഏറെ നടന്നു. ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തെ അനുമോദിക്കാൻ ആരാധകർ ഏറെ ഒന്നും ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല. എന്നാൽ, കവിതയോടു താല്പര്യമുള്ള ഒരു ചെറിയ വൃത്തത്തിൽപ്പെട്ടവർ അദ്ദേഹത്തിന്റെ ഓരോ ചുവടും ആദരവോടെയാണ് അന്നേ നോക്കിക്കണ്ടത്?

'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്നു പറഞ്ഞ മഹാത്മാഗാന്ധിയെപ്പോലെ ഇടശ്ശേരിക്കും കവിത സ്വന്തം ജീവിതമായിരുന്നു. കവിതയും ജീവിതവും തമ്മിൽ അദ്ദേഹത്തെ സംബന്ധിച്ച് ഒരു ഭേദാവസ്ഥ ഉണ്ടായിരുന്നില്ല. സ്വന്തം അനുഭവത്തിൽനിന്ന് ഇടശ്ശേരിയിലെ കവി, മനുഷ്യൻ (അച്ഛൻ) എന്ന അഭിന്ന വ്യക്തിത്വത്തെ അദ്ദേഹത്തിന്റെ പുത്രൻ മാധവൻ ഇങ്ങനെ അനുസ്മരിക്കുന്നു: "കവിതയും ജീവിതവും അച്ഛനു രണ്ടായിരുന്നില്ല. അനുഭവങ്ങൾ പകർത്തുമ്പോഴും, ധാർമിക നിലപാടുകൾ കവിതയിൽ വ്യഞ്ജിപ്പിക്കുമ്പോഴും സത്യസന്ധത പുലർത്തണമെന്ന് അച്ഛന് നിർബന്ധമായിരുന്നു. സ്വന്തം കർമത്തിലെ ഔന്നത്യമേ കവിതയിലും കാണാവൂ. എന്നൊരുതരം നിർബന്ധം തന്നെ ഉള്ളപോലെ തോന്നിച്ചിരുന്നു. അതുപോലെ ജീവിതത്തിലും ഒട്ടൊക്കെ കവിതയും വേണം എന്നുണ്ടായിരുന്നു. കവിതയും പ്രായോഗിക ജീവിതവും തമ്മിലുള്ള സഹവാസവും വിനിമയവും ഞങ്ങളുടെ വീട്ടിൽ ആരും പ്രത്യേകം സൂചിപ്പിക്കാതെ തന്നെ അംഗീകരിച്ച പ്രത്യേകതയായിരുന്നു. സ്കൂൾ പരീക്ഷയ്ക്ക് അതർഹിക്കുന്നതിലധികം ഗൗരവം കൊടുത്തു കിണഞ്ഞുപഠിച്ചിരുന്ന ഞങ്ങളെ, അച്ഛന് ഓർമപ്പെടുത്താതിരിക്കാൻ കഴിഞ്ഞില്ല. നോക്കൂ പരീക്ഷകൾ ഒരിക്കലും അവസാനിക്കുന്നില്ല. ഈ തിരക്കിൽ സ്വപ്നം കാണാനുള്ള നിങ്ങളുടെ കഴിവ് നഷ്ടപ്പെടാതിരിക്കട്ടെ!" മകന്റെ ഈ അനുഭവച്ചിമിഴിനുള്ളിൽ നാം കാണുന്നത് ഇടശ്ശേരിയെന്ന മഹാകവിയുടെ കാവ്യത്തിന്റെ ആത്മാവിനെയാണ്.

മലയാള സാഹിത്യത്തിന് പല മുത്തുകളെയും സംഭാവന ചെയ്ത പൊന്നാനി തന്നെയാണ് ഇടശ്ശേരിയുടെയും നാട്. ജനിച്ചതു കുറ്റിപ്പുറത്താണെന്നതും നാം മറക്കുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ കർമഭൂമി പൊന്നാനിതന്നെ. പൊന്നാനിയിലെ ദരിദ്രരും നിഷ്കളങ്കരുമായ കർഷകരുടെ പരുക്കൻ ജീവിതവും അതിലൂറുന്ന മതേതര സൗഹൃദവും കവിതയും നാടകവുമാക്കിയ അതുല്യ സർഗശിൽപിയാണ് ഇടശ്ശേരി.

വളരെ കുഞ്ഞുനാളിൽ അച്ഛൻ മരിച്ചു. തന്റെ മകന് വലിയ പഠിപ്പും സ്ഥാനവും കൊതിച്ച അമ്മയ്ക്ക് സാമ്പത്തികപ്രാരാബ്ധംകൊണ്ട് മകനെ പ്രാഥമിക വിദ്യാഭ്യാസത്തിനുയരെ പഠിപ്പിക്കാൻ കഴിയാത്തതിൽ സങ്കടപ്പെടാനേ കഴിഞ്ഞുള്ളു. എല്ലാം മനസ്സിലാക്കിയ മകൻ അമ്മയ്ക്ക്, 'നാഴിക്കഞ്ഞി' മുടങ്ങാതെ കൊടുക്കാൻ ഒരു തൊഴിലുപഠിക്കാൻ വീടുവിട്ടു. 'വക്കീൽ ഗുമസ്തപ്പണി' ഭാവിയിൽ തന്റെ തൊഴിലായി സ്വീകരിക്കാൻ അദ്ദേഹം ആലപ്പുഴയിലാണ് ആദ്യം എത്തിയത്. 'വക്കീൽ ഗുമസ്ത' പരിശീലനത്തിന് ഈ പൊന്നാനിക്കാരൻ എന്തിനാലപ്പുഴയ്ക്കു വന്നു. തന്റെ ജീവിതവൃത്തിക്ക് വക്കീൽ ഗുമസ്തപ്പണി എന്തിന് തെരഞ്ഞെടുത്തു എന്നീ ചോദ്യങ്ങൾക്കുത്തരം ഒന്നേയുള്ളൂ. നിത്യദാരിദ്ര്യവും അതുവാറ്റി അതിശക്തമായ കവിതയും തോറ്റുന്ന ഇടശ്ശേരിയാകാനുള്ള കാലത്തിന്റെ നിയോഗം ഏറ്റെടുക്കാൻ തന്നെ. അല്ലാതെ മറ്റെന്തു സമാധാനം. ദാരിദ്ര്യവും എഴുത്തുകാരും ഉടൽപ്പിറപ്പുകളാണ്. ചങ്ങമ്പുഴയും ബഷീറും ദേവും ഒക്കെ നമ്മുടെ മുൻപിലുണ്ടല്ലോ. പക്ഷേ, അതിൽ നിന്നൊക്കെ വ്യത്യസ്തമായി തികഞ്ഞ ഒരു ശുദ്ധ നാട്ടിൻപുറത്തെ കൃഷിക്കാരനെപ്പോലെ, ആവശ്യത്തിൽ കവിഞ്ഞ് ഒരു 'ചില്ലി' കൈവശം വയ്ക്കില്ലെന്ന ശാഠ്യത്തോടെ ജീവിച്ച സാഹിത്യകാരന്മാർ മലയാളത്തിൽ വേറെ ഉണ്ടോ എന്നു സംശയമുണ്ട്.

ജീവിതകാലം മുഴുവൻ കോടതിയും വ്യവഹാരവും മധ്യസ്ഥത പറച്ചിലും ആധാരമെഴുത്തുമായി നടന്ന ഈ മനുഷ്യൻ എങ്ങനെയാണ് ഇത്രയധികം എല്ലുമുറുക്കവും പൗരഷവുമുള്ള കവിതയും നാടകവും എഴുതിയത് എന്നും അദ്ഭുതം തന്നെ. പക്ഷേ, ആ ജീവിതത്തിലെ ആദ്യവസാന അനുഭവങ്ങളിലൂടെ കടന്നുപോകുന്ന ഒരു സഹൃദയന് അതിൽ അല്പവും അതിശയം ഉണ്ടാകില്ല. മറിച്ച് ഇത്തരം പേശീബലമുള്ള സൃഷ്ടികൾ നടത്തിയില്ലെങ്കിലേ അദ്ഭുതപ്പെടുകയുള്ളൂ. അഭ്രക്കട്ടകൾ പ്രകൃതി സമ്മർദവും ഉച്ചോഷ്മാവും ഏററ് വൈരക്കല്ലുകളാകുന്നപോലെ സ്വന്തം ജീവിതത്തിലെ ദാരിദ്ര്യവും പ്രതിസന്ധികളും ജീവിതത്തോടുള്ള സഹാനുഭൂതിയും നന്നായുരുകി ആ അനുഗൃഹീത കവിയുടെ തൂലികത്തുമ്പിലൂടെ 'പണിമുടക്ക്'വും, 'ചകിരിക്കുഴി'യും, 'പുത്തൻകലവും അരിവാളും', 'പൂതപ്പാട്ടും', 'കാവിലെപ്പാട്ടു'മൊക്കെയായി അക്ഷര രൂപമെടുത്തു. മലയാളത്തിന്റെ മനസ്സിൽ ഒരിക്കലും അടങ്ങാത്ത വികാര വിചാരങ്ങളുടെ തിരയിളക്കി.

ഇടശ്ശേരി കാവ്യരംഗത്തേക്ക് കടന്നുവരുമ്പോൾ കുമാരനാശാൻ രംഗമൊഴിഞ്ഞെങ്കിലും വള്ളത്തോളും ഉള്ളൂരും പ്രതിഭാപ്രസരത്തോടെ കർമരംഗത്തുണ്ട്. വായിൽ നിന്ന് ഉതിർന്നുവീഴുന്നതെല്ലാം കൽക്കണ്ടം പോലെ കവിതയാക്കി തീർത്ത പി. കുഞ്ഞിരാമൻ നായരും സ്നിഗ്ദ്ധ സൗന്ദര്യത്തിന്റെ അന്തർദാഹവുമായി ജി. ശങ്കരക്കുറുപ്പും അവർക്ക് പിന്നാലെ ഇടപ്പള്ളിയിലെ ഗാനകിന്നരൻമാരും മലയാള

ത്തിന്റെ നിതൃശ്രീയായ വൈലോപ്പിള്ളിയും നിറഞ്ഞുനിൽക്കുന്ന കാലഘട്ടം ഇതിനിടയിലാണ് വേഷം കൊണ്ടോ, ശൈലികൊണ്ടോ വൈവിധ്യമുള്ള കാവ്യലോക പരിചയം കൊണ്ടോ സഹൃദയരെ തന്നിലേക്ക് ആകർഷിക്കാനുള്ള കോപ്പുകളൊന്നുമില്ലാത്ത ഇടശ്ശേരി മുൻപിൻ നോക്കാതെ തന്റെ ഏകാന്തയാത്ര തുടർന്നത്. നാടൻ കൃഷിക്കാരന്റെ അകൃത്രിമ സ്വപ്നവും ജീവിതത്തിന്റെ ഉപ്പും അധ്വാനത്തിന്റെ പരുപരുപ്പും അനുഭവതീവ്രതയും ഒത്തുചേർന്ന 'ഇടശ്ശേരി ശൈലി' രൂപപ്പെട്ടത്: അങ്ങനെയൊന്ന് ഒരുപക്ഷേ, മലയാളം ആദ്യമായി കാണുകയായിരുന്നു. അതിനെ അവഗണിക്കാൻ സഹൃദയന് കഴിയുമായിരുന്നില്ല. തുടക്കത്തിൽ ശ്രദ്ധിക്കാത്തവർക്ക് പോലും അത് അലസമായി തള്ളിക്കളയാൻ കഴിയാത്ത ഒന്നായി പിന്നീട് അംഗീകരിക്കേണ്ടിവന്നു.

ഏതു കവിയെയും പോലെ ഇടശ്ശേരിക്കും ഒരനുകരണദശ ഉണ്ടായിരുന്നു. വള്ളത്തോളായിരുന്നു തുടക്കത്തിൽ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചത്.

"മട്ടോലും മൊഴിയൊട്ടഴിഞ്ഞവസനം
പെട്ടെന്നുടുത്തും, മുല
ത്തട്ടിൽ സ്വേദകണം പൊടിഞ്ഞു മൃദുവായ്
വാടിത്തളർന്നങ്ങിനെ
മത്തേഭത്തിനൊത്തിടുന്ന നടയും
ചീർത്തോരു മോദത്തെയെ-
ന്നുൾത്താരിനു കൊടുത്തിടുന്ന മുഖവും
കാത്തിങ്ങിരിക്കുന്നു ഞാൻ" (രണ്ടു മുക്തങ്ങൾ-1925)

'ഒരു സാന്ത്വനം', 'വന്ദിപ്പിനമ്മയെ', 'പാലിപ്പിൻ മാതാവിനെ', 'പുഷ്പബാണവിലാസം' തുടങ്ങി വള്ളത്തോൾ ശൈലിയുടെ സ്വാധീനത്തിൽപ്പെട്ടവയാണ് ആദ്യകാല കവിതകൾ. എന്നാൽ, ക്രമേണ രൂപഭാവങ്ങളിൽ തനതായ ഒരു കാവ്യരീതി കണ്ടെത്തുകയും അതിശക്തമായ ഉൾക്കരുത്തുള്ള കവിതകൾ രചിക്കുകയും ചെയ്തുകൊണ്ട് ഇടശ്ശേരി തന്റെ കാവ്യവ്യക്തിത്വം ഉയർത്തിപ്പിടിച്ചു.

ഇടശ്ശേരിക്കവിതകളിൽ ഭൂരിഭാഗവും കഥാകാവ്യങ്ങളാണ് ജീവിതത്തിന്റെ സമഗ്രഭാവങ്ങളെയും അനാർഭാടമായി അവതരിപ്പിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. ജീവിതം തുടിക്കുന്ന ഗ്രാമപശ്ചാത്തലത്തിൽ അതിഭാവുകത്വത്തിന്റെ ചായക്കൂട്ടുകൾ നിശേഷം ഒഴിവാക്കി നാടോടിച്ചിന്തുകളുടെ സൗന്ദര്യം തുളുമ്പുന്ന പദങ്ങളിലൂടെയാണ് അദ്ദേഹം കഥ അവതരിപ്പിക്കുന്നത്. അവതരിപ്പിക്കുന്ന വിഷയത്തിന്റെ ഭാവത്തിനനുസൃതമായി രൂപം പട്ടുനൂൽപ്പുഴുവിനു ചുറ്റും പട്ടു വളർന്നു വന്നു പൊതിയുന്നപോലെ ആവരണമുണ്ടാക്കും. ഇടശ്ശേരിയുടെ പ്രസിദ്ധീകരിക്കപ്പെട്ട മുന്നൂറിലേറെ കവിതകളിൽ ഓരോ കവിതയ്ക്കും ഓരോ തരത്തിലുള്ള പ്രത്യേകതയുണ്ട്. അതുകൊണ്ട് ഏതെങ്കിലും ഒന്നിനെ എടുത്തു വിശദപരിശോധനയ്ക്ക് മുതിരുന്നില്ല. എങ്കിലും മലയാള കവിതയ്ക്ക് വഴിത്തിരിവുകളായ 'പുത്തൻ കലവും അരിവാളും', 'പണിമുടക്കം', 'ചകിരിക്കുഴികൾ', 'പൂതപ്പാട്ട്', 'കാവിലെപ്പാട്ട്', 'കുടിയിറക്കൽ', 'എങ്ങിനെ നേടി?', 'ബുദ്ധനും ഞാനും നരിയും', എന്നീ കവിതകൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു.

1937-ൽ എഴുതിയ ചങ്ങമ്പുഴയുടെ 'വാഴക്കുലയും', 1948-ൽ എഴുതിയ 'പുത്തൻകലവും അരിവാളും' ഒന്നിച്ച് വായിക്കുമ്പോൾ നമ്മുടെ അനുഗൃഹീത കവികൾ കേരളത്തിലെ ജന്മിത്തത്തെ കടപുഴക്കി എറിയുന്നതിൽ വഹിച്ച പങ്ക് എത്ര വലുതായിരുന്നു എന്ന് കണ്ടെത്താൻ കഴിയും.

"കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്ക് നമ്മൾ"
എന്നു 'പണിമുടക്കി'ലും,
"ഇക്കയർ പണിയും സോദരിമാരുടെ
ദുഃഖംപാടി നടപ്പൂ ഞാൻ.
അവരുടെ കഷ്ടപ്പാടിൻ നേർക്കൊരു
മിഴിനീർ നിങ്ങൾ പൊഴിക്കില്ലേ?"

എന്ന് 'ചകിരിക്കുഴി'യിലും പാടിയ ഇടശ്ശേരിയുടെ തത്ത്വശാസ്ത്രം എന്തായിരുന്നുവെന്ന് പാഴൂർ പടിപ്പുരവരെപ്പോയി പ്രശ്നം വയ്പിക്കേണ്ടതുണ്ടോ? അദ്ദേഹം ഗാന്ധിയനോ മാർക്സിയനോ? നിൽക്കട്ടെ! നമുക്ക് അദ്ദേഹത്തിന്റെ ഉൽക്കൃഷ്ട നാടകമായ 'കൂട്ടുകൃഷി' കൂടി ഒന്നു കണ്ടിട്ട് ഒരു നിഗമനത്തിലെത്താം.

പൊന്നാനിയിലെ ഹിന്ദുവും മുസൽമാനും അടങ്ങിയ ജന്മിയും കൃഷിക്കാരനും കർഷകത്തൊഴിലാളിയും ചേർന്ന പച്ചമനുഷ്യർ 'വിതമുതൽ കൊയ്ത്തുവരെയുള്ള' ഒരു ചെറിയ കാലഘട്ടത്തിൽ നടത്തുന്ന കിളയും വിതയും കൊയ്ത്തും ജാതിമത കുശുമ്പും കുന്നായ്മയും ഇത്തിരിപ്രണയവും സംഘർഷവും ഒടുവിൽ മനുഷ്യത്വത്തിന്റെ കൂട്ടായ്മയായ സഹകരണവും അതിന്റെ പ്രതീകമായ കൃഷിയും കാവ്യാത്മകമായി ആവിഷ്കരിച്ച നാടകമാണ് 'കൂട്ടുകൃഷി'. ഇതിൽ ഉന്നയിക്കുന്ന മുഖ്യവിഷയം ജന്മിത്തത്തിന്റെ ചൂഷണവും ഭൂമി തുണ്ടുതുണ്ടാക്കപ്പെടുന്നതുകൊണ്ട് നഷ്ടം വരുത്തുന്ന കൃഷിയും അതു പരിഹരിക്കാൻ കൃഷി 'കൂട്ടുകൃഷി'യാക്കണമെന്നുള്ള സന്ദേശവുമാണ്. അതായത് കൃഷി സഹകരണാടിസ്ഥാനത്തിലാക്കണമെന്ന്. പക്ഷേ, ജന്മിത്തം എങ്ങിനെയാണ് അവസാനിപ്പിക്കുക? നേരിട്ടു പറയുന്നില്ലെങ്കിലും ഇടശ്ശേരിയുടെ ഉത്തരം ഗാന്ധിജിയുടെ ഹൃദയപരിവർത്തനം തന്നെ. ഇത് പ്രായോഗികമാണോ? ലോകത്തെവിടെയെങ്കിലും ജന്മി ഭൂമി ചോരയിൽ കുതിരാതെ അതിന്മേലുള്ള ചൂഷണാ

ധികാരം സ്വയം വിട്ടുകൊടുത്ത ചരിത്രമുണ്ടോ? ഇല്ലായെന്നും എന്താണ് ചെയ്യേണ്ടതെന്നും ഇടശ്ശേരി 'പുത്തൻകലവും അരിവാളും' എന്ന കവിതയിൽ പറഞ്ഞിട്ടുള്ളതും നോക്കാം:

"വിത്തുവിതച്ചോൻ കാണട്ടെ, വിള
കൊയ്ത്തുനടത്തി ജന്മിത്തം
ഒരുപിടിക്കൊള്ളക്കാർ
കരുതിവച്ചുള്ളതാ-
മധികാരത്തിന്റെ തണൽപററി
വയ്ക്കുവാനില്ലാത്ത പുത്തൻകലത്തിനു
ചുററും നിരന്നിതരിവാൾകൾ" എന്നിട്ടദ്ദേഹം പറയുന്നു:
"പുത്തൻ കലവും അരിവാളും കല-
ർന്നൊത്തിടിവെട്ടി വരമ്പിന്മേൽ
അധികാരം കൊയ്യണമാദ്യം നാം-
തിനുമേലാകട്ടെ പൊന്നാര്യൻ"

അധികാരമില്ലാതെ പണിയെടുക്കുന്നവന് അവന്റെ അധ്വാനഫലം സംരക്ഷിക്കാനാവില്ലെന്ന ഒരു ശാസ്ത്രീയ ദർശന സ്വാധീനം ഒരു ചെങ്കിരണം പോലെ ഇടശ്ശേരിക്കവിതകളുടെ ഉള്ളിന്റെയുള്ളിൽ നാം കാണുന്നു. സ്വന്തം ജീവിതാനുഭവങ്ങളിൽനിന്ന് അദ്ദേഹം എത്തിച്ചേരുന്നത് നിസ്വവർഗത്തിന്റെ കൂടെയാണ്. അദ്ദേഹത്തിന്റെ പ്രതിഭയും അവർക്കുവേണ്ടി തന്നെ അദ്ദേഹത്തിന്റെ ജീവിതസാഹചരയങ്ങൾ ഒരെഴുത്തുകാരന്റെതായിരുന്നില്ല. കോടതിയും കക്ഷികളും അവരുടെ ജീവൽപ്രശ്നങ്ങളുമായി നടന്നിരുന്ന ആ മഹാകവിക്ക് സാഹിത്യവേദികളും സിമ്പോസിയങ്ങളും ശിൽപശാലകലും പലപ്പോഴും അന്യമായിരുന്നു. എന്നാൽ അപൂർവമായി വീണുകിട്ടിയ സന്ദർഭങ്ങളിൽ ദേശാഭിമാനി സ്റ്റഡി സർക്കിളിൽ വരെ വന്ന് അദ്ദേഹം തന്റെ അനുഭവങ്ങൾ പങ്കുവച്ചിട്ടുമുണ്ട്. മലയാള കവിതയിലെ ഏകാന്തപഥികനായ ഈ അപൂർവ പ്രതിഭയെ ആദരിക്കുന്നതിലൂടെ നമുക്കും സ്വയം ധന്യത നേടാം.

ഗ്രന്ഥാലോകം - ജൂലായ് 2004